**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5262** **21-03-2025 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ചോദ്യബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ കീഴിൽ ഇതുവരെ നടത്തിയ വർക് ഷോപ്പുകളുടെയും അവയിൽ പങ്കെടുത്ത അധ്യാപകരുടെയും ആകെ തയാറാക്കിയ ചോദ്യങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | **കേരള സർവകലാശാല**<br><br>നാല് വർഷ ബിരുദപ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതിനായി ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരുടെ നേതൃത്വത്തിൽ ഏകദിന വർക്ക്ഷോപ്പുകൾ നടത്തി വരികയാണ്. ഷെഡ്യൂൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br><br>**എം.ജി. സർവകലാശാല**<br><br>നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ചോദ്യബാങ്ക്, സോഫ്റ്റ്‌വെയർ വഴി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ആദ്യഘട്ട ഓറിയന്റേഷൻ ട്രെയിനിങ് വിവിധ ബോർഡ് ഓഫ് സ്റ്റഡീസിന് കീഴിലുള്ള അധ്യാപകർക്ക് ഇതിനകം നൽകിയിട്ടുണ്ട്. പ്രസ്തുത ട്രെയിനിങ് പ്രോഗ്രാമിൽ 241 അധ്യാപകർ പങ്കെടുത്തു. രണ്ടാം സെമസ്റ്റർ പരീക്ഷകൾക്കായുള്ള ചോദ്യ ബാങ്കുകൾ തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ നടന്നുവരികയാണ്.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>കാലിക്കറ്റ് സർവകലാശാലയിലെ Humanities, Commerce and Management Studies, Language and Literature, Science, Journalism, Fine Arts തുടങ്ങിയ ഫാക്കൽറ്റിക്ക് കീഴിലുള്ള എല്ലാ ബോർഡ് ഓഫ് സ്റ്റഡീസും അതിലെ മുഴുവൻ അംഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വർക് ഷോപ്പുകൾ നടത്തിയിട്ടുണ്ട്. ഓരോ കോഴ്സിനും 400 വീതം ചോദ്യങ്ങൾ തയ്യാറാക്കി അവ അപ്‌ലോഡ് ചെയ്യുന്ന പ്രവർത്തനം ത്വരിത ഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. |

**കണ്ണൂർ സർവകലാശാല**

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ബി.എ. പ്രോഗ്രാമുകൾക്ക് 28.01.2025, ബി.എസ് സി പ്രോഗ്രാമുകൾക്ക് 29.01.2025, ബി. കോം/ ബി.ബി.എ./ ടി.ടി.എം. എന്നീ പ്രോഗ്രാമുകൾക്ക് 31.01.2025 എന്നീ തീയതികളിൽ ഓൺലൈനായും മാത്തമാറ്റിക്സ്, മലയാളം, മാനേജ്മെൻറ് സ്റ്റഡീസ്, ബയോകെമിസ്ട്രി, സൈക്കോളജി എന്നീ പ്രോഗ്രാമുകൾക്ക് 07.03.2025, അറബിക്, ഉറുദു, കൊമേഴ്സ്, എക്കണോമിക്സ്, കെമിസ്ട്രി, ഫിസിക്സ്, പൊളിറ്റിക്സ്, ഫോറസ്ട്രി, ജിയോളജി, ട്രാവൽ ആൻഡ് ടൂറിസം, ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് സയൻസ്, ഇസ്ലാമിക് ഹിസ്റ്ററി എന്നീ പ്രോഗ്രാമുകൾക്ക് 10.03.2025, ഇംഗ്ലീഷ് പ്രോഗ്രാമിന് 14.03.2025 എന്നീ തീയതികളിൽ ഓഫ് ലൈൻ ആയും വർക്ക് ഷോപ്പുകൾ നടത്തിയിട്ടുണ്ട്. ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളും അധ്യാപകരും ഉൾപ്പെടെ ഓൺലൈൻ വർക്ക് ഷോപ്പുകളിൽ ഓരോ ദിവസവും മുന്നൂറോളം പേരും, ഓഫ് ലൈൻ വർക്ക് ഷോപ്പുകളിൽ നൂറ്റിഎൺപതോളം പേരും പങ്കെടുത്തിട്ടുണ്ട്.

**കുസാറ്റ്**

നിലവിൽ സർവകലാശാലയുടെ നാലു വർഷത്തെ ബിരുദ പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത് അഞ്ചു വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിധത്തിലാണ്. ഈ പ്രോഗ്രാമിന്റെ ചോദ്യപേപ്പർ ചോദ്യബാങ്കിൽ നിന്നാണ് തയ്യാറാക്കേണ്ടത് എന്ന് റഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടില്ല. സർവകലാശാല ഡിപ്പർട്ട്മെന്റുകളിലൂടെ മാത്രമാണ് മുകളിൽ പറഞ്ഞ പ്രോഗ്രാമുകൾ നടത്തിവരുന്നത്. ഈ പ്രോഗ്രാമുകൾ എല്ലാ അർത്ഥത്തിലും Internal മാതൃകയിലാണ് നടത്തുന്നത്. അതായത് ഈ പ്രോഗ്രാമുകളുടെ Continuous Assessment & End Semester മൂല്യനിർണയം ഡിപ്പാർട്ട്മെന്റ് വഴിയാണ് നടത്തുന്നത്. പ്രോഗ്രാമിന്റെ നടത്തിപ്പും അതിന്റെ മൂല്യനിർണയവും നിരീക്ഷിക്കാനുള്ള അധികാരം ഡിപ്പാർട്ട്മെന്റ് കൗൺസിലിനാണ്. ചോദ്യപേപ്പറുകൾ അതത് കോഴ്സ് അദ്ധ്യാപകരാണ് തയ്യാറാക്കുന്നത്, അത് ഡിപ്പാർട്ട്മെന്റിലെ വിദഗ്ദ സമിതി സൂക്ഷ്മമായി പരിശോധിക്കുന്നു. അതിനാൽ ഈ പ്രോഗ്രാമുകൾക്ക് പ്രത്യേക ചോദ്യബാങ്കിന്റെ ആവശ്യമില്ല.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല**

| | | | |
|---|---|---|---|
| | | | സർവകലാശാലയിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ചോദ്യബാങ്ക് രീതി അവലംബിക്കുന്നില്ല.<br><br>**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ചോദ്യബാങ്ക് തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് 25-09-2024ന് അധ്യാപകർക്കുവേണ്ടി ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. ശിൽപശാലയിൽ ബന്ധപ്പെട്ട എല്ലാ അധ്യാപകരും പങ്കെടുക്കുകയുണ്ടായി. ഡോ. മനുലാൽ പി. റാം (റിസർച്ച് ഓഫീസർ, കേരള സ്റ്റേറ്റ് ഹയർ എജ്യൂക്കേഷൻ കൗൺസിൽ) ഡോ. ഷഫീഖ് (റിസർച്ച് ഓഫീസർ, ഹയർ എജ്യൂക്കേഷൻ കൗൺസിൽ) എന്നിവർ പ്രസ്തുത ശിൽപ്പശാലക്ക് നേതൃത്വം വഹിച്ചു. ഇൻ ഹൗസ് സോഫ്റ്റുവെയർ വഴി ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ പ്രായോഗിക പരിജ്ഞാനം നൽകുന്നതിനുമായി ശ്രീ. അജിത് കുമാർ ബി. പി. (ന്യൂഡൽഹി ആസ്ഥാനമായ ഇന്റർ യൂണിവേഴ്സിറ്റി ആക്സിലറേഷൻ സെന്റർ മുൻ ശാസ്ത്രജ്ഞൻ)-യുടെ നേതൃത്വത്തിൽ 21-01-2025 തീയതിയിൽ മലയാളസർവകലാശാലയിൽ വച്ച് അധ്യാപക/ അനധ്യാപക ജീവനക്കാർക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. അതിനു പുറമേ നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അധ്യാപകർക്കുമായി 18/03/2025 ന് മറ്റൊരു ശിൽപ്പശാലയും നടത്തുകയുണ്ടായി.<br><br>**<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>**<br><br>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ചോദ്യ ബാങ്ക് ഇതുവരെ രൂപീകരിച്ചിട്ടില്ല. |
| (ബി) | വരാനിരിക്കുന്ന സെമസ്റ്റർ പരീക്ഷകൾക്കുള്ള മുഴുവൻ ചോദ്യപേപ്പറുകളും ചോദ്യ ബാങ്ക് രീതിയിലൂടെ തയാറാക്കുന്നതിന് സർവകലാശാലകൾ പൂർണ്ണതോതിൽ സജ്ജരാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | കുസാറ്റ്, ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലകളൊഴികെയുള്ള സർവകലാശാലകളിൽ, വരാനിരിക്കുന്ന സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ ചോദ്യ ബാങ്ക് രീതിയിലൂടെ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | അതാത് സർവകലാശാലകളിലെ സാങ്കേതിക വിഭാഗത്തിലെ ജീവനക്കാർ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചാണോ അല്ലെങ്കിൽ സർവകലാശാലയ്ക്ക് പുറത്തുനിന്നുള്ള വ്യക്തികളോ/ | (സി) | കേരള, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവകലാശാലകൾ ചോദ്യബാങ്കിലേയ്ക്കുള്ള ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് |

| | | | |
|---|---|---|---|
| | ഏജൻസികളോ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ മുഖേനയാണോ ചോദ്യബാങ്കിലേക്കുള്ള ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നതെന്ന് വിശദമാക്കാമോ; | | സർവകലാശാലാ തലത്തിൽ വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്.<br>എം.ജി. സർവകലാശാലയിൽ M/s IPSR Solutions, കോട്ടയം വികസിപ്പിച്ചെടുത്ത upgraded IPSR സോഫ്റ്റ്‌വെയർ മുഖേനയാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ചോദ്യ ബാങ്കിലേയ്ക്കുള്ള ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നത്. പ്രസ്തുത സ്ഥാപനവുമായി സർവകലാശാലയുടെ കരാർ നടപടികൾ പുരോഗമിച്ചുവരുന്നു.<br>മലയാള സർവകലാശാല, ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി എന്നീ സർവകലാശാലകൾ ചോദ്യബാങ്ക് സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനമെടുത്തിട്ടില്ല. |
| (ഡി) | പുറമെയുള്ള വ്യക്തികളുടെയോ/ഏജൻസികളുടെയോ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തിയാണെങ്കിൽ പ്രസ്തുത വ്യക്തികളുടെ/ഏജൻസികളുടെ പേര്, വിലാസം, അവർ സർവകലാശാലകളുമായി ഏർപ്പെട്ട കരാറിന്റെ വിശദാംശങ്ങൾ എന്നിവ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ? | (ഡി) | (സി)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| Name of the Board of Studies | Name of the Chairman | Date and time for the workshop | Venue for the workshop |
|---|---|---|---|
| Arabic (UG) | Askar Ali Ahamed | 17.03.2025 | Online |
| Biochemistry | Dr. A Helen | 18.03.2025 | Department of Biochemistry,Kariavattom |
| Biotechnology (UG) | Soumyarani V S | 10.03.2025,<br>11.03.2025 | MSM College Kayamkulam,<br>ES Conference Hall |
| Botany (UG) | Dr. Bindumole V R | 17.03.2025<br>18.03.2025 | Online<br>Senate Chamber,Palayam |
| Business Management (UG) | Dr. Anitha S | 12.03.2025<br>18.03.2025<br>19.03.2025 | St.Joseph College, Alappuzha<br>Govt Womens College, Thiruvananthapuram<br>SN College, Kollam |
| Chemistry (UG) | Dr. Bessy Raj B N | 11.03.2025<br>19.03.2025 | SN College Kollam,<br>EMS Hall, Kariavattom |
| Commerce (UG) | Dr. Rajeev Kumar A D | 12.03.2025<br>18.03.2025<br>19.03.2025 | St.Joseph College, Alappuzha<br>Govt Womens College, Thiruvananthapuram<br>SN College, Kollam |
| Computer Science (UG) | Dr. Bindu N | 11.03.2025<br>12.03.2025 | TKM Arts and Science,Kollam<br>S D College, Alappuzha |
| Economics (UG) | Professor (Dr). Priyesh C A | 11.03.2025<br>14.03.2025 | SD College, Alappuzha<br>University College, Palayam |

| | | | |
|---|---|---|---|
| Electronics | Vinod Kumar R | 10.03.2025 | University College,Palayam |
| English (UG) | Praveena Thompson | 17.03.2025<br>18.03.2025<br>19.03.2025 | TKM College Kollam<br>EMS Hall,Kariavattom<br>Mar Gregorios College, Punnapra,Alappuzha |
| Environmental Sciences | Dr. Salom Gnana Thanga V | 12.03.2025 | Online |
| French and Latin | Dr. Seenu Lukose J | 11.03.2025 | Mar Ivanios College, Nalanchira |
| Food Technology | Dr.Sithara Balakrishnan | 12.03.2025<br>14.03.2025 | Online<br>Online |
| Geography | Rajesh Reghunath | 14.03.2025 | University College,Palayam |
| Geology (UG) | Dr. Sabeen H M | 10.03.2025 | IQAC Board Room |
| German | Sreekumar K N | 10.03.2025 | German Department, University of Kerala, Palayam |
| Hebrew and Syriac | Fr. Vincy Varghese | 11.03.2025 | Santhom Malankara College,Thiruvananthapuram |
| Hindi (UG) | Dr. Sudha A S | 10.03.2025<br>12.03.2025 | Senate Hall, Palayam<br>S N College for Women,Kollam |
| History (UG) | Dr. Unnikrishnan S | 11.03.2025<br>12.03.2025 | TKM College, Kollam<br>Department of History, Kariavattom |
| Home Science (UG) | Dr. Mini Joseph | 11.03.2025<br>14.03.2025 | Online |

| | | | |
|---|---|---|---|
| Islamic Studies | Ashraf A | 17.03.2025 | Department of Islamic Studies, Kariavattom |
| Journalism | Maggie J | 14.03.2025<br>20.03.2025 | Online<br>IQAC Board Room,University of Kerala, Palayam |
| Library and Information Science | Dr. B Mini Devi | 12.03.2025 | Online |
| Linguistics | Prof. Kunjamma S | 17.03.2025 | Department of Lingustics, Kariavattom |
| Malayalam (UG) | Dr. Beena Krishnan S K | 10.03.2025<br>11.03.2025 | Govt Womens College, Thiruvananthapuram<br>St.Joseph College, Alappuzha |
| Mathematics (UG) | Dr. Shine Lal E | 12.03.2025<br>18.03.2025 | SD College, Alappuzha<br>University College, Palayam |
| Microbiology | Dr. Vineetha Mohan | 11.03.2025 | Govt Womens College, Thiruvananthapuram |
| Music (UG) | Dr. Bindu K | 11.03.2025 | Swathi Thirunal Music College, Thiruvananthapuram |
| Philosophy (UG) | Dr. L Vijai | 11.03.2025 | Online |
| Physics (UG) | Prabitha V G | 10.03.2025<br>11.03.2025 | MSM College Kayamkulam,<br>Senate Chamber |
| Political Science (UG) | Dr. S L Harikumar | 11.03.2025 | University College,Palayam |
| Polymer Chemistry | Thushara R | 11.03.2025 | S N College,Kollam |

| | | | |
|---|---|---|---|
| Psychology (UG) | Shiju Joseph | 11.03.2025 | University College,Palayam |
| Russian | | 10.03.2025 | Department of German, Palayam |
| Sanskrit (UG) | Dr. Bindhya K S | 19.03.2025 | Senate Hall,Palayam |
| Social work | Dr. Sandhya R S | 17.03.2025 | Department of Sociology, Kariavattom |
| Sociology (UG) | Dr. Jyothi S Nair | 18.03.2025 | Department of Sociology, Kariavattom |
| Statistics (UG) | Anjana V | 11.03.2025 | Govt Arts College, Thiruvananthapuram |
| Tamil (UG) | Dr. K. Manickaraj | 15.03.2025<br>17.03.2025 | Online<br>University College ,Palayam |
| Zoology pass | Dr. Sajeeb Khan A | 10.03.2025<br>14.03.2025 | M G College, Kesavadasapuram<br>TKM College, Kollam |